"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ്- പ്രളയത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവർക്ക് സ്ഥലം വാങ്ങി വീടുവയ്ക്കുന്നതിന് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിന്മേൽ സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ദുരന്ത നിവാരണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.756/2025/DMD തീയതി,തിരുവനന്തപുരം, 12-12-2025

---

പരാമർശം:- 1. ഇടുക്കി ജില്ലാ കളക്ടറുടെ 21/05/2025 ലെ DCIDK/2244/2025-DM2 നമ്പർ കത്ത്

2. സ.ഉ(കൈ)നം.07/2018/ഡിഎംഡി, 21/06/2018

3. സ.ഉ(കൈ)നം.25/2019/ഡിഎംഡി, 23/08/2019

**ഉത്തരവ്**

ഇടുക്കി ജില്ലയിൽ പീരുമേട് താലൂക്കിൽ കൊക്കയാർ വില്ലേജിൽ താഴത്തങ്ങാടി ഭാഗത്ത് പെരുമ്പറയിൽ വീട്ടിൽ ഫാസിലിയുടെ പേരിൽ ഉള്ള കൊക്കയാർ വില്ലേജിലെ 8172 നമ്പർ തണ്ടപ്പേരുംപടി റീസർവ്വെ 146/3-1-3-1-ൽ പ്പെട്ട 0.0243 ഹെക്ടർ സ്ഥലത്ത് ടിയാനും കുടുംബവും താമസിച്ചു വരവെ 2021 ഒക്ടോബർ 16 ന് കനത്ത മഴയെത്തുടർന്നുണ്ടായ ഉരുൾപൊട്ടൽ മൂലം പുല്ലകയാർ ദിശ മാറി ഒഴുകുകയും ടിയാന്റെ വീട് പൂർണ്ണമായി നശിച്ചതായും, ടി പ്രളയത്തെ തുടന്ന് 100% നാശനഷ്ടം എന്ന കണക്കിൽ ഉൾപ്പെടുത്തി ധനസഹായം ലഭിച്ച തുകയിൽ, ടിയാൻ കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ മുണ്ടക്കയം വില്ലേജിൽ 0.0283 ഹെക്ടർ സ്ഥലം വിലക്കു വാങ്ങി ഭവന നിർമ്മാണം ആരംഭിക്കുകയും, എന്നാൽ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തതും മേൽക്കൂര വരെയുള്ള നിർമ്മാണങ്ങൾ പൂർത്തിയാക്കിയിട്ടുള്ളതായും, നിലവിൽ ടിയാനും ഭാര്യയും 8, 5 എന്നീ ക്ലാസുകളിൽ പഠിക്കുന്ന രണ്ടു കുട്ടികളുമടങ്ങുന്ന കുടുംബം പീരുമേട് താലൂക്കിൽ കൊക്കയാർ വില്ലേജിൽ ഉൾപ്പെട്ട ഇളങ്കാട് ഭാഗത്ത് വാടകയ്ക്ക് താമസിച്ചു വരുന്നതായും, ടി സ്ഥലം വാങ്ങിയപ്പോൾ തയ്യാറാക്കിയ ആധാരത്തിൽ സർക്കാർ ധനസഹായം 5,50,000/- രൂപ കൂടി ഉപയോഗിച്ചാണ് ടി സ്ഥലം വാങ്ങിയത് എന്നു കൂടി എഴുതി ചേർത്തിട്ടുള്ളതും അതോടൊപ്പം ടി വസ്തു അനന്തരാവകാശികൾക്കല്ലാതെ മറ്റാർക്കും കൈമാറുവാൻ പാടില്ല എന്ന വ്യവസ്ഥവച്ചിട്ടുണ്ട്. ആധാരത്തിൽ വന്നിട്ടുള്ള പരാമർശം കാരണം ബാങ്കുകൾ ലോൺ അനുവദിക്കാതിരിക്കുന്നതിന് കാരണമായിട്ടുള്ളതായും, ആധാരത്തിൽ ടി സ്റ്റേറ്റ്മെന്റ് എഴുതാൻ കാര്യാലയത്തിൽ നിന്നോ പീരുമേട് തഹസിൽദാരുടെ കാര്യാലയത്തിൽ നിന്നോ നിർദ്ദേശം നൽകിയിട്ടില്ലാത്ത സാഹചര്യത്തിൽ ആധാരത്തിലെ ടി പരാമർശം ഒഴിവാക്കി തിരുത്താധാരം എഴുതാൻ അപേക്ഷകന് നിർദ്ദേശം നൽകുകയോ അല്ലെങ്കിൽ പ്രളയത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ടതിനെ തുടർന്ന് ലഭിച്ച സർക്കാർ ധനസഹായം കൊണ്ട് വാങ്ങുന്ന വീടും സ്ഥലവും കൈമാറ്റം ചെയ്യുന്നത് സംബന്ധിച്ച് ഉദ്യോഗസ്ഥ തലത്തിലും, ഇത്തരം സാഹചര്യം നേരിടേണ്ടി

വരുന്ന ദുരന്ത ബാധിതർക്കിടയിലും അവ്യക്തത നിലനിൽക്കുന്നതിനാൽ, സർക്കാർ തീരുമാനത്തിന് വിധേയമായി പ്രസ്തുത വിഷയത്തിൽ വ്യക്തത വരുത്തി ഉത്തരവ് പുറപ്പെടുവിക്കുകയോ ചെയ്യുന്നത് ഉചിതമായിരിക്കും എന്ന് പരാമർശം (1) പ്രകാരം ഇടുക്കി ജില്ലാ കളക്ടർ സ്പഷ്ടീകരണം ആവശ്യപെട്ടിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രളയത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവർക്ക് സ്ഥലം വാങ്ങി വീടുവയ്ക്കുന്നതിന് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിൽ ഭൂമി കൈമാറ്റം ചെയ്യാൻ പാടില്ലായെന്നോ, സർക്കാർ ധനസഹായത്തിന്റെ തോത് ആധാരത്തിൽ ഉൾപ്പെടുത്തണമെന്നോ വ്യവസ്ഥചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ പ്രളയത്തിൽ ഭൂമിയും വീടും നഷ്ടപെട്ടതിന് നൽകുന്ന ധനസഹായം കൊണ്ട് വാങ്ങിയ ഭൂമിയുടെ ആധാരത്തിൽ മേൽ പറഞ്ഞ വ്യവസ്ഥകൾ ഉൾപ്പെടുത്തേണ്ടതില്ല എന്ന് സ്പഷ്ടീകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BINDU C VARGHESE
അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Pradeep V R
Date: 12-12-2025 17:48:03
സെക്ഷൻ ഓഫീസർ